ഹരിതകേരളം മിഷൻ
കേരള സർക്കാർ

30.10.2020

## പത്രക്കുറിപ്പ്

# ഹരിത ക്യാമ്പസ് പദ്ധതി എല്ലാ ഐ.ടി.ഐകളിലും വ്യാപിപ്പിക്കും : മന്ത്രി ടി.പി രാമകൃഷ്ണൻ

വ്യാവസായിക വകുപ്പുമായി ചേർന്ന് ഹരിതകേരളം മിഷൻ നടപ്പാക്കുന്ന ഐ.ടി.ഐ ഹരിതക്യാമ്പസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളിലേക്കും വ്യാപിപ്പിക്കുമെന്ന് മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണൻ. 11 ഐ.ടി.ഐകളെ ഹരിതക്യാമ്പസായി പ്രഖ്യാപിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതി സംരക്ഷണത്തിനും കാർഷിക സംസ്കൃതി വീണ്ടെടുക്കുന്നതിനുമുള്ള സർക്കാരിന്റെ തീവ്രയജ്ഞത്തിൽ സംസ്ഥാനത്തെ ഐ.ടി.ഐ ട്രെയ്നികളെയും പരിശീലകരെയും ജീവനക്കാരെയും പങ്കാളികളാക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, ജലസ്രോതസ്സുകളുടെ സംരക്ഷണം, നാടിന്റെ പച്ചപ്പ് വീണ്ടെടുക്കൽ തുടങ്ങി എല്ലാ രംഗത്തും ജീവനക്കാരുടെയും പങ്കാളിത്തം ഉറപ്പു വരുത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചു. പ്രളയം പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ സമൂഹത്തിന് കൈത്താങ്ങാകാനുള്ള സാമൂഹ്യ ഉത്തരവാദിത്വ ബോധവും അതിനുതകുന്ന നൈപുണ്യശേഷിയുമുള്ള തലമുറയാണ് ഇന്ന് കേരളത്തിലെ ഐ.ടി.ഐകളിൽ നിന്ന് പരിശീലനം നേടി പുറത്തുവരുന്നതെന്നും മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

ഐ.ടി.ഐ കഴക്കൂട്ടം (തിരുവനന്തപുരം), ഐ.ടി.ഐ ചന്ദനത്തോപ്പ് (കൊല്ലം), ഐ.ടി.ഐ ചെന്നീർക്കര (പത്തനംതിട്ട), ഐ.ടി.ഐ കട്ടപ്പന (ഇടുക്കി), വനിത ഐ.ടി.ഐ ചാലക്കുടി (തൃശൂർ), ഐ.ടി.ഐ മലമ്പുഴ (പാലക്കാട്), ഐ.ടി.ഐ വാണിയംകുളം (പാലക്കാട്), ഐ.ടി.ഐ അരീക്കോട് (മലപ്പുറം), വനിത ഐ.ടി.ഐ കോഴിക്കോട് (കോഴിക്കോട്), ഐ.ടി.ഐ കൽപ്പറ്റ (വയനാട്), ഐ.ടി.ഐ പുല്ലൂർ (കാസറഗോഡ്) എന്നീ 11 ഐ.ടി.ഐകളെയാണ് ഇന്ന് ഹരിത ഐ.ടി.ഐ ക്യാമ്പസുകളായി പ്രഖ്യാപിച്ചത്. ഹരിതക്യാമ്പസ് ആശയം സംസ്ഥാനത്തെ എല്ലാ കലാലയ ക്യാമ്പസുകളിലേക്കും വ്യാപിപ്പിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പറഞ്ഞു. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഡോ.എസ്.ചിത്ര.ഐ.എ.എസ്, ഹരിതകേരളം മിഷൻ കൃഷി ഉപവിഭാഗം കൺസൾട്ടന്റ് ശ്രീ.എസ്.യു.സഞ്ജീവ് എന്നിവർ പങ്കെടുത്തു. വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.ജസ്റ്റിൻ രാജ് ബി. റിപ്പോർട്ട് അവതരിപ്പിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ
9895882812